# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4200** **28-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ ഗ്രേഡ് 1 ഓവർസീയർ സിവിൽ തസ്തികയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഗ്രേഡ് I ഓവർസീയർ സിവിൽ തസ്തികയിൽ നിന്ന് രണ്ട് വർഷത്തിലധികമായി പ്രൊമോഷൻ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ കേസ് നമ്പർ ലഭ്യമാക്കാമോ; പ്രസ്തുത പ്രൊമോഷൻ നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായി 01.02.2023 ന് വകുപ്പ തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ചേർന്ന് തയാറാക്കിയ ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് അംഗീകരിച്ചുകൊണ്ടും ആയത് പ്രകാരം ഡിപ്ലോമ ക്വാട്ടയിൽ ഉൾപ്പെട്ട 12 പേരുടെയും പേര് വിവരങ്ങൾ 20.09.2023 ലെ അസാധാരണ നോട്ടിഫിക്കേഷൻ നമ്പർ 3086 പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഡിപ്ലോമ ക്വാട്ടയിൽ ഉൾപ്പെട്ട 7 പേർക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.10.2023 ലെ LSGD/PD/46548/2023-DED4 നമ്പർ പ്രകാരം പ്രൊമോഷൻഅനുവദിച്ച് നൽകിയിട്ടുണ്ട്. ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ ബഹു ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടായിരുന്നതിനാൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെടുത്തി 12 പേർക്ക് പ്രൊമോഷൻ അനുവദിച്ച് നൽകിയിരുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.11.2022 ലെ E22/101/2013/CE/LSGD നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ ജീവനക്കാരുടെ കംപയിൻഡ് സീനിയോറിറ്റി പട്ടികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 526/2024 നമ്പർ കേസിന്മേൽ 02/04/2024 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഇത് സ്റ്റേ ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | ഗ്രേഡ് 1 ഓവർസീയർ സിവിൽ തസ്തികയിൽ നിന്ന് താത്ക്കാലികമായി പ്രൊമോഷൻ നൽകാനും അതിനുശേഷം ഈ തസ്തികയിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും നടപടി സ്വീകരിക്കാമോ; | (ബി) | ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലെ ജീവനക്കാരുടെ കംപയിൻഡ് സീനിയോറിറ്റി പട്ടികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.11.2022 ലെ E 22/101/2013/CE LSGD നമ്പർ നടപടി ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള കംപയിൻഡ് സീനിയോറിറ്റി പട്ടികയിലെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള താൽക്കാലിക പ്രൊമോഷൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 526/2024 നമ്പർ കേസിന്മേൽ 02.04.2024 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത വകുപ്പിൽ ഗ്രേഡ് I ഓവർസീയർ നിലവിൽ എത്ര തസ്തികയുണ്ടെന്നും ഈ തസ്തികയിൽ എത്ര പേര് ജോലി ചെയ്യുന്നുണ്ടെന്നും ജോലി ചെയ്യുന്നവരിൽ പ്രൊമോഷൻ വഴിയും പി.എസ്.സി. വഴിയും പ്രവേശിച്ച എത്ര പേരുണ്ടെന്നും അറിയിക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഗ്രേഡ് 1 ഓവർസിയർ തസ്തികയുടെ നിലവിലെ സാങ്ഷൻഡ് സ്ട്രെങ്ത് 876 ആണ്. പ്രസ്തുത തസ്തികയിൽ 16.04.2024 ൽ 14 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയച്ചത് ഉൾപ്പെടെ 759 പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. 759 ഗ്രേഡ് 1 ഓവർസിയർമാരിൽ പ്രൊമോഷൻ വഴി ജോലി ചെയ്യുന്നവരുടെ എണ്ണം 376, പി.എസ്.സി വഴി നേരിട്ട് ഗ്രേഡ് 1 ഓവർസിയറായി സേവനത്തിൽ പ്രവേശിച്ച് ജോലി ചെയ്യുന്നവരുടെ എണ്ണം 383 എന്നിങ്ങനെയാണ്. |
| (ഡി) | ഈ വകുപ്പിൽ ഗ്രേഡ് I ഓവർസീയർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് നികത്തേണ്ടതും പ്രൊമോഷൻ വഴി നികത്തേണ്ടതുമായ എത്ര ഒഴിവുകൾ വീതമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഗ്രേഡ് 1 ഓവർസിയർ തസ്തികയിൽ 117 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത 117 ഒഴിവുകളിൽ പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകളുടെ എണ്ണം 55. പ്രൊമോഷൻ മുഖേന നികത്തേണ്ട ഒഴിവുകളുടെ എണ്ണം 62 എന്നിങ്ങനെയാണ്. പി.എസ്.സി മുഖേന നികത്തേണ്ട 55 ഒഴിവുകളിൽ 13 പേർക്ക് പി.എസ്.സിയിൽ നിന്നും നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. കൂടാതെ 19 എൻ.ജെ.ഡി ഒഴിവുകൾ കൂടി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രൊമോഷൻ മുഖേന നികത്തേണ്ട ഒഴിവുകളിലേയ്ക്ക് അർഹരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | തദ്ദേശസ്വയംഭരണ വകുപ്പിൽ ഗ്രേഡ് 1 ഓവർസീയർ തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് പ്രവേശിച്ചവരിൽ എത്ര പേർ ടി തസ്തികയിൽ നിന്നും അതിന് മുകളിലുള്ള തസ്തികയിൽ നിന്നും 2024 മെയ് | (ഇ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ ഗ്രേഡ് 1 ഓവർസിയർ തസ്തികയിൽ നിന്നും അതിനു മുകളിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിന്നും |

| | | | |
|---|---|---|---|
| | മാസം വിരമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടത്തിയ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | പി.എസ്.സി വഴി നേരിട്ട് പ്രവേശിച്ചവരിൽ ആരും തന്നെ 2024 മെയ് മാസം വിരമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ